## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 456 — **11.06.2013**- ലെ മറുപടിക്ക്

### സഹകരണ മേഖലയിലെ നിക്ഷേപം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) കഴിഞ്ഞ സർക്കാരിന്റെ കാലാവധി അവസാനിക്കുമ്പോൾ സഹകരണ മേഖലയിലെ ആകെ നിക്ഷേപം എത്ര; | (എ) മുൻ സർക്കാരിന്റെ കാലാവധി അവസാനിച്ചപ്പോൾ സഹകരണ മേഖലയിലെ നിക്ഷേപം 68409.15 കോടി രൂപയായിരുന്നു. |
| ബി) സഹകരണ മേഖലയിലെ 31.12.2012 ലെ ആകെ നിക്ഷേപം എത്ര; | (ബി) സഹകരണ മേഖലയിലെ 31.12.2012 ലെ ആകെ നിക്ഷേപം 94462.93 കോടി രൂപയാണ്. |
| സി) സഹകരണ നിക്ഷേപ രംഗം ശക്തിപ്പെടുത്താൻ സർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) സഹകരണ നിക്ഷേപ രംഗം ശക്തിപ്പെടുത്താൻ നിക്ഷേപ സമാഹരണ യജ്ഞങ്ങൾ സംഘടിപ്പി ക്കുന്നുണ്ട്. കൂടാതെ നിക്ഷേപകരുടെ വിശ്വാസം ആർജിക്കുന്നതിനും കൂടുതൽ നിക്ഷേപം സ്വരൂപിക്കുന്നതിനുമായി സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2012 ഫലപ്രദമായി നടപ്പിലാക്കി വരുന്നു. |
| ഡി) സഹകരണ മേഖലയിൽ എൻ.ആർ.ഐ നിക്ഷേപ പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) സഹകരണ മേഖലയിൽ എൻ.ആർഐ. നിക്ഷേപ പദ്ധതി അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ